# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

ഇ1-4219/2020

തീയതി- 03.08.2020

## സർക്കുലർ നമ്പർ: 14/2020-2021

വിഷയം- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ – ഓഫീസുകളുടെ പ്രവർത്തനം – തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം- 1. ബോർഡ് സർക്കുലർ നമ്പർ 13/2020-2021 തീയതി : 06.07.2020

2. സ.ഉ. (അച്ചടി) നം.99/2020/ധന തീയതി -30.07.2020

3. സ.ഉ.(കൈ)നം.99/2020/പൊ.ഭ.വ തീയതി 18.05.2020

കോവിഡ്-19 നിർവ്യാപന / പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലെ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയത് സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

1. ഒരു ഓഫീസിൽ സാമൂഹിക അകലം പാലിച്ച് ജോലി ചെയ്യുവാനുള്ള സൗകര്യം ഇല്ലായെങ്കിൽ ഗ്രൂപ്പ് 'സി', 'ഡി' വിഭാഗം ജീവനക്കാർക്ക് ഒന്നിടവിട്ട ദിവസങ്ങളിലോ അല്ലെങ്കിൽ ഓരോ ആഴ്ച ഇടവിട്ടോ ഹാജരാകത്തക്ക വിധത്തിൽ ഓഫീസ് മേധാവിയ്ക്ക് ക്രമീകരണം നടത്താവുന്നതാണ് എന്ന് നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ ഒന്നിടവിട്ട ദിവസങ്ങളിലോ അല്ലെങ്കിൽ ഓരോ ആഴ്ച ഇടവിട്ടോ ഓഫീസിൽ ജോലിക്ക് ഹാജരാകുന്ന ജീവനക്കാർക്ക് മാത്രമേ തൊട്ടടുത്ത ദിവസം / ആഴ്ച "വർക്ക് ഫ്രം ഹോം" ആയി ജോലി ചെയ്യാൻ അനുമതി നൽകേണ്ടതുള്ളൂ. അല്ലാത്ത പക്ഷം ടി ജീവനക്കാരോട് അവധി അപേക്ഷ ആവശ്യപ്പെടേണ്ടതും അർഹമായ മറ്റ് അവധികൾ യഥാവിധി അനുവദിച്ച് നൽകേണ്ടതുമാണ്.

2. ഹോട്ട്സ്പോട്ട്/കണ്ടൈൻമെന്റ് സോണിൽ നിന്നും വരുന്ന ജീവനക്കാർക്ക് അവർ താമസിക്കുന്ന സ്ഥലം ഹോട്ട്സ്പോട്ട്/കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കാലയളവ് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം അപേക്ഷിച്ചാൽ പ്രസ്തുത കാലയളവിലേക്ക് മാത്രം സ്പെഷ്യൽ കാഷ്വൽ ലീവ് ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് അനുവദിക്കാവുന്നതാണ്. മേൽപറഞ്ഞ പ്രകാരമുള്ള സാക്ഷ്യപത്രം ഹാജരാക്കാത്ത ജീവനക്കാർക്ക് അവർ ഓഫീസിൽ ഹാജരാകാത്ത കാലയളവിലേക്ക് അർഹമായ മറ്റ് അവധികൾ യഥാവിധി അനുവദിച്ച് നൽകേണ്ടതുമാണ്.

3. ജീവനക്കാരുടെ 17.05.2020 ന് ശേഷമുള്ള ഹാജരില്ലായ്മ അതത് സമയം പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ / ബോർഡ് സർക്കുലറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ രീതിയിൽ ക്രമവത്കരിക്കേണ്ടതാണ്. എന്നാൽ ഓഫീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ ജീവനക്കാർ ഓഫീസിൽ ഹാജരാകാതിരിക്കാൻ പാടില്ല.

കൂടാതെ, പൊതുഗതാഗതം നിരോധിച്ചിട്ടുള്ള ഹോട്ട്സ്പോട്ട്/ കൺടൈൻമെന്റ്സോണുകളിൽ ജോലി ചെയ്യുന്ന/താമസിക്കുന്ന ദിവസ വേതന ജീവനക്കാർ അവർ താമസിക്കുന്ന സ്ഥലം ഹോട്ട്സ്പോട്ട്/കൺടൈൻമെന്റ് സോണായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കാലയളവ് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം സഹിതം അപേക്ഷിച്ചാൽ ടി കാലയളവിലെ പ്രവൃത്തി ദിവസങ്ങളിലെ വേതനം, പരാമർശം (2) സർക്കാർ ഉത്തരവിന് അനുസൃതമായി, നൽകാവുന്നതാണ്.

കോവിഡ്-19 യാത്രാനിയന്ത്രണങ്ങൾ മൂലം ഓഫീസുകളിൽ ജോലിയ്ക്ക് ഹാജരാകാൻ സാധിക്കാത്ത ജീവനക്കാരുടെ പേര്, തസ്തിക, ഓഫീസ്, ഇപ്പോൾ താമസിക്കുന്ന സ്ഥലം (പിൻകോഡ് സഹിതം), ഫോൺ നം. മുതലായ വിശദാംശങ്ങൾ ജില്ലാ കമ്മിറ്റി തലത്തിൽ ക്രോഡീകരിച്ച് 05.08.2020 തീയതിക്കകം ഇ-മെയിൽ (**khwwbest@gmail.com**) മുഖേന ബോർഡ് ആസ്ഥാന ഓഫീസിലേയ്ക്ക് അയച്ച് തരേണ്ടതാണ്. ടി ജീവനക്കാരുടെ പേരുകൾ പരാമർശം (3) ലെ നിർദ്ദേശ പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുന്നതായിരിക്കും.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാകമ്മിറ്റി /കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർ

പകർപ്പ്-

എഫ്ഒ/സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം.
അക്കൗണ്ട്സ് ഓഫീസർ (ഡബ്ല്യു &ഇ) (പി &എ) (ഐ & എ) (സ്കാറ്റേർഡ്)
ജൂനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്,ഫിനാൻസ്, ക്യാഷ്, ഓഡിറ്റ്)
ഇ2,ഇ3,ഇ4,ഇ5, ബിൽ, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

// ജൂനിയർ സൂപ്രണ്ട്//